**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2883** **07-10-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | ആദിവാസി മേഖലകളിൽ പല സ്ഥലങ്ങളിലും ലഹരി ഉപയോഗം കണ്ടുവരുന്ന സാഹചര്യമുണ്ട്. എന്നാൽ ആയത് വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. |
| (ബി) | മദ്യവും മയക്കുമരുന്നും നൽകി ആദിവാസി വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ; | (ബി) | മദ്യവും മയക്കുമരുന്നും നൽകി ആദിവാസി വിഭാഗങ്ങളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതി തൃശ്ശൂർ ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിൽ നിന്ന് അവരെ പിന്തിരിപ്പിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികവർഗ സങ്കേതങ്ങളിലും, വകുപ്പിന് കീഴിലുള്ള സ്കൂളുകൾ, ഹോസ്റ്റലുകൾ, മറ്റ് സ്ഥാപനങ്ങളിലും മയക്കുമരുന്ന് ഉപയോഗവും, വ്യാപനവും തടയുന്നതിന് എക്സൈസ്, പോലീസ് വകുപ്പുകളുടെ സഹായത്തോടെ തുടർച്ചയായ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്.<br><br>വിദ്യാർഥികളിലെ ലഹരി ഉപയോഗം തടയുന്നതിനായി എം.ആർ.എസ്സുകളിൽ സ്ഥാപന മേധാവികൾ, അധ്യാപകർ, മാനേജർ എന്നിവർ നിരന്തരമായ നിരീക്ഷണവും നടത്തുന്നുണ്ട്. ഹോസ്റ്റലുകളിൽ വാർഡന്മാർ ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തി തുടർനടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>പട്ടികവർഗ സങ്കേതങ്ങളിൽ ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ്, പോലീസ്, വനം, തദ്ദേശ ഭരണം, സാമൂഹ്യനീതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, നിരോധിത ലഹരി പദാർത്ഥങ്ങൾ കോളനിയിലെത്തിക്കുന്നത് തടയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടികവർഗ |

പ്രൊമോട്ടർമാരെ ഇക്കാര്യത്തിൽ പ്രത്യേക ചുമതല നൽകി നടപടി സ്വീകരിക്കുന്നുണ്ട്.

പട്ടികവർഗ സങ്കേതങ്ങളിലും, വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും മയക്കുമരുന്ന് ഉപയോഗവും വ്യാപനവും തടയുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഓരോ ജില്ലകളിലും ജില്ലാ ഓഫീസർമാരുടെ നേതൃത്വത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരെയും, ഊരുകൂട്ട പ്രതിനിധികളെയും, പ്രൊമോട്ടർമാരെയും, ഹെൽത്ത് പ്രൊമോട്ടർമാരെയും ഉൾപ്പെടുത്തി ജാഗ്രതാസമിതികൾ കൂടാവുന്നതാണ്.

മേളകൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുമ്പോൾ ലഹരി ഉപയോഗത്തിനെതിരെയുള്ള വ്യാപക പ്രചാരണ പരിപാടികൾ നടത്തുകയും, സിനിമ/ ഡോക്യുമെന്ററി എന്നിവ പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്.

വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളിലും, ഹോസ്റ്റലുകളിലും എക്സൈസ്, പോലീസ്, വനം, തദ്ദേശ ഭരണം, സാമൂഹ്യനീതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബോധവൽക്കരണ ക്ലാസുകൾ ആഴ്ചയിലൊരിക്കൽ സംഘടിപ്പിക്കാവുന്നതാണ്. ഈ പരിപാടിയിൽ കുട്ടികളുടെ മാതാപിതാക്കളെ പങ്കെടുപ്പിക്കാവുന്നതാണ്.

പട്ടികവർഗ സങ്കേതങ്ങളിൽ ആരോഗ്യ വകുപ്പിന്റെ ക്യാമ്പുകൾ സംഘടിപ്പിച്ച് ആരോഗ്യപ്രശ്നങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്താം.

എക്സൈസ്, പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്താം.

പ്രധാന സ്ഥലങ്ങളിൽ ലഹരി ഉപയോഗത്തിനെതിരെയുള്ള ബോർഡുകൾ സ്ഥാപിക്കാം.

MSW വിദ്യാർത്ഥികൾക്ക് പട്ടികവർഗ സങ്കേതങ്ങളിൽ സന്ദർശിക്കുന്നതിനും, അവരെ ലഹരിയുടെ ദൂഷ്യവശങ്ങളെ ബോധ്യപ്പെടുത്തുന്ന തരത്തിലുള്ള ക്ലാസുകൾ എടുക്കുന്നതിനും അവസരം നൽകാവുന്നതാണ്.

യുവജനങ്ങളെ ഉൾപ്പെടുത്തി കലാപരിപാടികൾ, കായികപരിപാടികൾ എന്നിവ സംഘടിപ്പിക്കുകയും,

| | | | |
|---|---|---|---|
| | | | **തൊഴിൽ അവസരങ്ങളെക്കുറിച്ച് അവബോധം നൽകുകയും ചെയ്യുക.**<br><br>**ആദിവാസി യുവതീ യുവാക്കൾക്ക് പുതിയ തൊഴിൽ നൈപുണ്യ കോഴ്സുകളിൽ പരിശീലനം നൽകുക.**<br><br>**നിരോധിത ലഹരി പദാർത്ഥങ്ങളുടെ വില്പന നടത്തുന്ന പട്ടികവർഗ കോളനികളിലോ, വ്യക്തികളെ/മറ്റു വിഭാഗങ്ങളെ കേന്ദ്രീകരിച്ചോ ഉപയോഗം ശ്രദ്ധയിൽപെട്ടാൽ സാധ്യമായ പ്രത്യേക വകുപ്പുകൾ ചുമത്തി ശിക്ഷാനടപടികൾ സ്വീകരിക്കുക.**<br><br>**ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, വില്പന, കൈമാറ്റം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ആ വിവരം അറിയിക്കേണ്ട ഉദ്യോഗസ്ഥരുടെ പേര്, ഫോൺ നമ്പർ എന്നിവ പ്രദർശിപ്പിക്കുന്നതിനു നടപടിയെടുക്കുന്നത് ഉചിതമായിരിക്കും.**<br><br>**പട്ടികവർഗ വിഭാഗക്കാർക്കിടയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് രഹസ്യ വിഭാഗം രൂപീകരിക്കാവുന്നതാണ്.**<br><br>**അൽക്കോഹോളിക് അനോണിമസ് പോലെയുള്ള സംഘടനകളുടെ സഹായം സ്വീകരിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ